# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3570** 17.12.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ബാബു എം.പാലിശ്ശേരി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; | (എ) | കേരള സംസ്ഥാന സേവനാവകാശ നിയമം 121 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത നിയമ പ്രകാരം എത്ര ദിവസങ്ങൾക്കുള്ളിലാണ് സേവനം നൽകേണ്ടത് ; | (ബി) | കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം നിയുക്ത ഉദ്യോഗസ്ഥൻ സേവനം പ്രദാനം ചെയ്യുന്നതിനോ അല്ലെങ്കിൽ അത്തരം സേവനത്തിനുള്ള ഒരു അപേക്ഷ തീർപ്പാക്കുന്നതിനോ ടി നിയമം 3-ാം വകുപ്പ് പ്രകാരം അതാതു വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രത്യേകം വിജ്ഞാപനം ചെയ്യപ്പെടേണ്ടതും, പ്രസ്തുത വിജ്ഞാപനത്തിൽ നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്. |
| (സി) നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ശിക്ഷാ നടപടികൾ എന്തൊക്കെയാണ് ; | (സി) | നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ |

അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചു കൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനമേൽ അഞ്ഞൂറുരൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

നിയുക്ത ഉദ്യോഗസ്ഥൻ സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവു വഴി, കാരണങ്ങൾ വിവരിച്ചു കൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനു മേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാ നിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ് :

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

മതിയായതോ യുക്തിസഹമോ ആയ കാരണമില്ലാതെ 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, അദ്ദേഹത്തിന്, രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറ് രൂപയിൽ

കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് ഒന്നാം അപ്പീൽ അധികാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന് ഏല്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യമായി എങ്കിൽ, അയാൾക്കെതിരെ, അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ല എന്ന പരാതിയിന്മേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

(ഡി) വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| സെക്രട്ടേറിയറ്റിലെ വകുപ്പുകൾ | ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ | |
|---|---|---|
| Agriculture | 1 | കൃഷി ഡയറക്ടറേറ്റ് |
| | 2 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| | 3 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| Animal Husbandry | 4 | മൃഗസംരക്ഷണ വകുപ്പ് |
| | 5 | ക്ഷീര വികസന വകുപ്പ് |
| Backward Classes | 6 | പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ് |
| | 7 | പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് |
| | 8 | പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ |
| Co-operation | 9 | സഹകരണ വകുപ്പ് |
| Culture | 10 | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം |
| | 11 | പുരാവസ്തു വകുപ്പ് |
| | 12 | പുരാരേഖ വകുപ്പ് |
| | 13 | മ്യൂസിയവും മൃഗശാലയും വകുപ്പ് |
| Environment | 14 | മലിനീകരണ നിയന്ത്രണ ബോർഡ് |
| Finance | 15 | ട്രഷറി വകുപ്പ് |
| | 16 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ |
| | 17 | ഇൻഷ്വറൻസ് വകുപ്പ് |
| Fisheries & Ports | 18 | മത്സ്യബന്ധനം |
| | 19 | തുറമുഖം |
| | 20 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |
| Food & Civil Supplies | 21 | സിവിൽ സപ്ലൈസ് |
| | 22 | ലീഗൽ മെട്രോളജി |
| Forest&Wildlife | 23 | വനം-വന്യജീവി വകുപ്പ് |
| | 24 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| GAD | 25 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ് |
| | 26 | സൈനിക ക്ഷേമ വകുപ്പ് |
| General Education | 27 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | | |
|---|---|---|
| | 28 | പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം |
| | 29 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| | 30 | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| Health & Family Welfare Dept. | 31 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 32 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് |
| | 33 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് |
| | 34 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 35 | കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി |
| | 36 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) |
| | 37 | കേരള നഴ്സസ് ആന്റ്  മിഡൈ്വഫ്സ് കൗൺസിൽ |
| | 38 | കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| | 39 | മലബാർ കാൻസർ സെന്റർ |
| | 40 | ശിശുവികസന കേന്ദ്രം |
| | 41 | ഭാരതീയ നാട്ടുചികിത്സാ വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 42 | കേരള പാരാമെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 43 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ |
| | 44 | തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് |
| | 45 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി |
| | 46 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ) (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 47 | കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO) |
| | 48 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |

| | | |
|---|---|---|
| | 49 | റീജിയണൽ കാൻസർ സെന്റർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 50 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 51 | തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 52 | കേരള ഡെന്റൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 53 | കേരള ഹോമിയോപ്പതി വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Higher Education Department | 54 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| | 55 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി |
| | 56 | പ്രിന്റിംഗ് വകുപ്പ് |
| | 57 | സ്റ്റേഷനറി വകുപ്പ് |
| | 58 | കോഴിക്കോട് യൂണിവേഴ്സിറ്റി |
| | 59 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| Home | 60 | പോലീസ് വകുപ്പ് |
| | 61 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്) |
| | 62 | ജയിൽ വകുപ്പ് |
| | 63 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| Housing Department | 64 | ഹൗസിംഗ് ബോർഡ് |
| | 65 | നിർമ്മിതി കേന്ദ്രം |
| | 66 | ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ് |
| Industries Department | 67 | വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്) |
| | 68 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് |
| | 69 | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് |
| | 70 | മൈനിംഗ് & ജിയോളജി വകുപ്പ് |
| | 71 | കയർ വികസന ഡയറക്ടറേറ്റ് |
| | 72 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| Information Technology | 73 | വിവര സാങ്കേതിക വകുപ്പ് |
| Labour Department | 74 | തൊഴിൽ വകുപ്പ് |
| | 75 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് |

| | | |
|---|---|---|
| | 76 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 77 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് |
| | 78 | വ്യാവസായിക പരിശീലന വകുപ്പ് |
| | 79 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| Local Self Govt. Dept. | 80 | പഞ്ചായത്ത് വകുപ്പ് |
| | 81 | നഗരകാര്യ വകുപ്പ് |
| | 82 | ഗ്രാമവികസന വകുപ്പ് |
| Norka | 83 | നോർക്ക (സെക്രട്ടേറിയറ്റ്) |
| | 84 | കേരള പ്രവാസി ക്ഷേമ ബോർഡ് |
| Parliamentary Affairs Dept. | 85 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് |
| P&ARD | 86 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്. |
| Planning and Economic Affairs Department | 87 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Power | 88 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| | 89 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | 90 | എനർജി മാനേജ്മെന്റ് സെന്റർ |
| | 91 | കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| Public Works Dept. | 92 | പൊതുമരാമത്ത് വകുപ്പ് (റെന്റ്) |
| | 93 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) |
| | 94 | കേരള റോഡ് ഫണ്ട് ബോർഡ് |
| Revenue Department | 95 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |
| | 96 | സർവ്വേയും ഭൂരേഖയും വകുപ്പ് |
| Scheduled Castes - Development Department | 97 | പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 98 | പട്ടികജാതി വികസന വകുപ്പ് |
| | 99 | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ |
| | 100 | സ്ക്രൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| Scheduled Tribes Dept | 101 | പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 102 | പട്ടികവർഗ്ഗവികസന വകുപ്പ് |

| | | |
|---|---|---|
| | 103 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ |
| Social Justice Department | 104 | സാമൂഹ്യനീതി വകുപ്പ് |
| Stores Purchase Department | 105 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Taxes Department | 106 | വാണിജ്യ നികുതി വകുപ്പ് |
| | 107 | രജിസ്ട്രേഷൻ വകുപ്പ് |
| | 108 | എക്സൈസ് വകുപ്പ് |
| | 109 | ലോട്ടറീസ് വകുപ്പ് |
| | 110 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| Tourism Department | 111 | ടൂറിസം വകുപ്പ് |
| | 112 | കിറ്റ്സ് (Kerala Institute of Tourism and Travel Studies) |
| | 113 | ഇക്കോ ടൂറിസം വകുപ്പ് |
| Transport Department | 114 | മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്) |
| | 115 | ജലഗതാഗത വകുപ്പ് |
| | 116 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| Vigilance Department | 117 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |
| Water Resources Dept | 118 | ജലസേചന വകുപ്പ് |
| | 119 | കേരള വാട്ടർ അതോറിറ്റി |
| | 120 | ഭൂജല വകുപ്പ് |
| | 121 | കാഡാ |